# മെഷീൻ സ്റ്റാർട്ട് ചെയ്യുക

കമ്പോസ്റ്റർ · സ്റ്റാർട്ടപ്പ് നടപടിക്രമം



**1 കൈയുറയും സേഫ്റ്റി ഗ്ലാസും ധരിക്കുക.**

ഡസ്റ്റ് മാസ്കും സേഫ്റ്റി ഷൂസും വേണം. അയഞ്ഞ വസ്ത്രങ്ങളും ആഭരണങ്ങളും പാടില്ല.



**2 മെഷീൻ ചക്രങ്ങളിലല്ല, മൗണ്ടുകളിലാണ് നിൽക്കുന്നതെന്ന് ഉറപ്പാക്കുക.**

അല്ലെങ്കിൽ, ഡാംപർ നട്ട് തിരിച്ച് വൈബ്രേഷൻ മൗണ്ടുകൾ താഴ്ത്തുക.



**3 ചക്രങ്ങൾ ലോക്ക് ചെയ്യുക.**

മെഷീൻ അനങ്ങരുത്.



**4 പവർ പ്ലഗ് മെഷീനിൽ ഉറപ്പിച്ച് കുത്തുക.**

മെയിൻ MCB-യിൽ നിന്ന് വരുന്ന ചുവന്ന പ്ലഗ് ആണ് അത്.



**5 ബ്ലോവർ മെഷ് ബ്രഷ് കൊണ്ട് വൃത്തിയാക്കുക.**

പൊടി മുഴുവൻ ബ്രഷ് ചെയ്ത് കളയുക.



**6 കമ്പോസ്റ്റിംഗ് ചേമ്പർ തുടച്ച് വൃത്തിയാക്കുക.**

പൊടിയോ എണ്ണയോ ഉണ്ടെങ്കിൽ നീക്കുക.



**7 ക്ലീനിംഗ് ട്രേ പുറത്താണോ എന്ന് നോക്കുക.**

കഴിഞ്ഞ തവണ വൃത്തിയാക്കിയപ്പോൾ അകത്ത് വെച്ചിട്ടുണ്ടാകാം. ഷ്രെഡ് ചെയ്യുന്നതിന് മുമ്പ് പുറത്തെടുക്കുക.



**8** **ഷ്രെഡർ ഹോപ്പർ ട്രേ അതിന്റെ സ്ഥാനത്ത് വെക്കുക.**

മുകളിലെ വാതിലിലൂടെ ശരിയായി ഇരുത്തുക.



**9** **എല്ലാ വാതിലുകളും അടച്ച് ലോക്ക് ചെയ്യുക.**



**10** **മെയിൻ MCB ഓൺ ചെയ്യുക.**




**11** **കീ സ്വിച്ച് ഓൺ ചെയ്യുക.**

അത് മെഷീന്റെ പിൻഭാഗത്താണ്.




**12** **10 സെക്കൻഡ് കാത്തിരിക്കുക.**

സ്ക്രീൻ ഓണായി സ്റ്റാർട്ട് പേജ് കാണിക്കും.

⚠ **മെഷീൻ സ്റ്റാർട്ട് ആകുന്നില്ലേ? കൺട്രോൾ പാനലിനുള്ളിലെ ഒരു MCB ഓഫ് ആയിരിക്കാം. പാനൽ തുറക്കരുത്. ഞങ്ങളെ വിളിക്കുക.**

⚠ **ഒരാൾ മാത്രമേ മെഷീൻ പ്രവർത്തിപ്പിക്കാവൂ. കുട്ടികളെയും സന്ദർശകരെയും അകറ്റി നിർത്തുക.**

⚠ **ഒരിക്കലും കൺട്രോൾ പാനൽ തുറക്കുകയോ വയറിംഗിൽ തൊടുകയോ ചെയ്യരുത്. ഷോക്ക് അടിച്ചാൽ ഉടനെ മെയിൻ MCB ഓഫ് ചെയ്ത് ഞങ്ങളെ വിളിക്കുക.**